# ദൈവസമാധാനം

## യോഹന്നാൻ 14:27

"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു."

ഇന്ന് ലോകത്തിൽ മനുഷ്യർ ആകമാനം അന്വേഷിക്കുന്ന ഒന്നാണ് സമാധാനം എന്നത്. ഒരുപക്ഷെ ലോകത്തിൽ ഇന്ന് പലതരത്തിലുള്ള സമാധാനങ്ങളുടെ ഉറവിടങ്ങൾ നമുക്ക് കാണുവാൻ കഴിയും. എന്നാൽ അവയെല്ലാം ശാശ്വതമല്ലെന്നും ആ സമാധാനം മനുഷ്യനെ കൂടുതൽ അസമാധാനത്തിന്റെ പാതകളിലേക്കാണ് നയിക്കുന്നതെന്നും നമുക്ക് പലരുടെയും അനുഭവങ്ങളിൽ നിന്നു മനസ്സിലാക്കുവാൻ കഴിയും. അവയെല്ലാം, ശലോമോൻ സഭാപ്രസംഗിയിൽ പറഞ്ഞതു പോലെ, വെറും മായ മായ എന്നു നമുക്ക് കാണുവാൻ കഴിയും. എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം കർത്താവായ യേശുക്രിസ്തുവിൽ കൂടിയാണ് അവന് സമാധാനം ലഭിച്ചിരിക്കുന്നത്. നാം ഇന്നു ജീവിതത്തിൽ അനുഭവിക്കുന്ന സമാധാനത്തിന്റെ വില എന്നത് യേശു അത്രേ. അവൻ സമാധനത്തിന്റെ പ്രഭുവാണെന്ന് പ്രവാചകൻ തന്റെ പ്രവചന പുസ്തകത്തിൽ എഴുതി വെച്ചിരിക്കുന്നത് നാം ഓർക്കുമല്ലോ.

ഒരു ക്രിസ്തു വിശ്വാസിയുടെ ജീവിതത്തിൽ 3 തലങ്ങളിലാണ് സമാധാനം വെളിപ്പെട്ടിരിക്കുന്നത്. ഒന്നാമതായി, ദൈവവുമായിട്ടുള്ള സമാധാനം അല്ലെങ്കിൽ ആത്മീയമായ സമാധാനം. ഇത് നമുക്ക് വേണ്ടി സാധിപ്പിച്ചെടുത്തത് യേശു കർത്താവാണ്. തിരുവചനത്തിൽ ഇപ്രകാരം പറയുന്നു, "ദൈവം നമ്മെ ക്രിസ്തു മൂലം തന്നോട് നിരപ്പിച്ചു' (2 കൊരിന്ത്യർ 5:18). രണ്ടാമതായി, നമ്മിലുള്ള സമാധാനം അല്ലെങ്കിൽ വൈകാരികമായ സമാധാനം. ദൈവവുമായിട്ടുള്ള സമാധാനം ഉള്ളവർക്കാണ് ദൈവത്തിന്റെ സമാധാനം ഉള്ളത്തിലുണ്ടാകുന്നത്. തിരുവചനത്തിൽ നാം വായിക്കുന്നു, "ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ" (കൊലൊസ്സ്യർ 3:15). മൂന്നാമതായി, മറ്റുള്ളവരുമായിട്ടുള്ള സമാധാനം അല്ലെങ്കിൽ ബന്ധങ്ങളിലെ സമാധാനം. എഫേസ്യർ 2:16 ൽ ഇപ്രകാരം പറയുന്നു "ക്രൂശിന്മേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി; അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിച്ചു." ഇന്നു നമുക്ക് ആരോടും ശത്രുത്വം ഇല്ല, അതുണ്ടാകുവാനും പാടില്ല. നമുക്ക് നൽകപ്പെട്ട ഈ 3 സമാധാനങ്ങളും ദൈവത്തിന്റെ ദാനമാണ്.

ഒരു ചിന്തകൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു; ഹൃദയം തകർന്നവർക്ക് ദൈവം സാന്ത്വനത്തിന്റെ സമാധാനം നൽകുന്നു, ആശങ്കകളുള്ള ഹൃദയമുള്ളവർക്ക് അവൻ മാർഗ്ഗദർശനത്തിന്റെ സമാധാനം നൽകുന്നു, കളങ്കിതമായ ഹൃദയമുള്ളവർക്ക് അവൻ ക്ഷമിക്കുന്ന സമാധാനം കൊടുക്കുന്നു. അസ്വസ്ഥഹൃദയമുള്ളവർക്ക് അവൻ ആശ്വാസത്തിന്റെ സമാധാനം നൽകുന്നു. ദൈവത്തിന്റെ പ്രിയ പൈതലെ, നിങ്ങൾ ഇന്നു ഇതിൽ ഏതവസ്ഥകളിലൂടെ കടന്നു പോകുന്ന വ്യക്തിയുമായിക്കൊള്ളട്ടെ, നിങ്ങളുടെ ഉള്ളങ്ങളിലേക്ക് വേണ്ടുന്ന തരത്തിൽ സമാധാനത്തിന്റെ ഉറവുകളെ പുറപ്പെടുവിക്കുവാൻ ഈ നല്ലവനായ ദൈവത്തിന്നു കഴിയും. അതിനായി അവന്റെ കരത്തിലേക്ക് ഏൽപ്പിച്ചു കൊടുക്കാം. ഈ അരക്ഷിതാവസ്ഥ നിലകൊള്ളുന്ന പ്രതിസന്ധികളുടെ നടുവിൽ ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളിൽ വാഴട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

ഫിലിപ്പിയർ 4:6–7

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും

**ബ്രദർ. ബിനു ബേബി ആലപ്പുഴ 162**